## പതിമൂന്നാം കേരള നിയമസഭ

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3904** **18/10/2011-ൽ മറുപടിക്ക്**

## മൾട്ടി ഗ്രേഡ് ലേണിംഗ് സെന്ററുകളുടെ പ്രവർത്തനരീതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. മോയിൻകുട്ടി : | | ശ്രീ. പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | മൾട്ടി ഗ്രേഡ് ലേണിംഗ് സെന്ററുകളുടെ പ്രവർത്തനരീതി വ്യക്തമാക്കാമോ; | എ) | വിവിധ കാരണങ്ങളാൽ പഠനം നിർത്തിയവർ, വീടും വിദ്യാലയവും തമ്മിലുള്ള അകലം മൂലം വിദ്യാലയങ്ങളിൽ എത്താൻ കഴിയാത്തവർ, അച്ഛനമ്മമാരെ ജോലികളിൽ സഹായിക്കുന്നതുകൊണ്ട് പഠനം തുടരാൻ കഴിയാത്തവർ എന്നിങ്ങനെ ആറിനും പതിനാലിനുമിടയിൽ പ്രായമുള്ള വ്യത്യസ്തവിഭാഗക്കാരായ കുട്ടികളാണ് ഭിന്നതല പഠന കേന്ദ്രങ്ങളിൽ (മൾട്ടി ഗ്രേഡ് ലേണിംഗ് സെന്റർ)പഠിക്കുന്നത്. ഒന്നു മുതൽ നാലുവരെയുള്ള ഗ്രേഡുകളിലെ കുട്ടികൾ ഒരേ ക്ലാസ്സിലിരുന്ന് ഒരു വിദ്യാഭ്യാസ വോളണ്ടിയറുടെ നേതൃത്വത്തിൽ പഠനം നടത്തുന്നു എന്നതാണ് മൾട്ടി ഗ്രേഡ് ലേണിംഗ് സെന്ററുകളുടെ പ്രത്യേകത. ഓരോ ഗ്രേഡിന്റെയും നിലവാരം ഫലപ്രദമായി പൂർത്തിയാക്കുന്ന പഠിതാക്കളെ പൊതു വിദ്യാലയത്തിലെത്തിക്കുന്നു. |
| ബി) | ഏതൊക്കെ ജില്ലകളിലാണ് എം. ജി.എൽ.സികൾ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ; | ബി) | തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ഇടുക്കി, എറണാകുളം, തൃശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ,വയനാട് ജില്ലകൾ |

(.....2)

| | | | |
|---|---|---|---|
| സി) | ഇവിടെ പഠിപ്പിക്കുന്ന എഡ്യൂക്കേഷൻ വാളണ്ടിയർമാരുടെ സേവന രീതിയും വേതനവും വ്യക്തമാക്കാമോ; | സി) | തദ്ദേശ വാസികളായ പത്താം ക്ലാസ്സ് വിജയിച്ച വിദ്യാഭ്യാസ വോളണ്ടിയർമാരാണ് എം.ജി.എൽ.സി.കളിൽ അദ്ധ്യാപകരായി പ്രവർത്തിക്കുന്നത്. ഇവർക്ക് പ്രതിമാസം 3,000/- രൂപ ഓണറേറിയവും, 500/- രൂപ ഹിൽ ട്രാക്ട് അലവൻസും നൽകുന്നു. |
| ഡി) | ഇവർക്കുള്ള ഓണറേറിയം യഥാസമയം നൽകാറുണ്ടോ; ഇല്ലെങ്കിൽ നൽകാൻ നടപടി സ്വീകരിക്കുമോ? | ഡി) | ഓണറേറിയവും ഹിൽ ട്രാക്ട് അലവൻസും വിതരണം ചെയ്യാൻ നടപടിയായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ